GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/10/2026

1. കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യകൾ, പുതിയ വിപണി സാധ്യതകൾ, കർഷക സംരംഭകത്വം എന്നിവ പരിചയപ്പെടുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയിൽ വെച്ച് ഒക്ടോബർ 16 ന് **'അഗ്രിക്കോൺ 2026'** സംഘടിപ്പിക്കുന്നു. ടൈ കേരളയും കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. കർഷകർ, കാർഷിക സംരംഭകർ, പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യമുള്ളവർ എന്നിവർക്ക്

പരിപാടിയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 7025888862, 702588872 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ NRI ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതി ഒക്ടോബർ 31 വരെ നീട്ടിയിരിക്കുന്നു. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

3. പേവിഷബാധവിമുക്ത കേരളം-പ്രതിരോധകുത്തിവയ്പ്പ് പദ്ധതി നാലാം ഘട്ടം സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 27 വരെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ Rabies Free Keralam Vaccination Campaign പദ്ധതിയുടെ കീഴിൽ നടത്തുന്ന വളർത്തുനായകൾക്കുള്ള ആന്റി റാബീസ് വാക്സിനേഷൻ ക്യാമ്പെയിൻ ആണ് ഇത്. മാരകമായ റാബീസ് രോഗത്തിൽ നിന്നും വളർത്തു

നായ്ക്കളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതുവഴി മനുഷ്യരിൽ റാബീസ് രോഗബാധ ഉണ്ടാകുന്നത് തടയാൻ സാധിക്കും.

4. ആതവനാട് മൃഗസംരക്ഷണ കേന്ദ്രത്തിൽ വെച്ച് **'ശാസ്ത്രീയ കറവ പശു പരിപാലനം'** എന്ന വിഷയത്തിൽ ഇന്നും നാളയും ( ഒക്ടോബർ 8, 9 തിയതികളിൽ ) രണ്ട് ദിവസത്തെ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 0494-2962296 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. തലയോലപ്പറമ്പ് മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 15, 16 തീയതികളിൽ വളർത്തു നായ്ക്കളുടെ പരിപാലനത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. നായകുട്ടിളെ വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, നായ്ക്കളുടെ പരിശീലനം, പ്രജനനം, ജന്തു ജന്യ രോഗങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുക്കുന്നതാണ്. പരിശീലനത്തിൽ താൽപര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04829-234323 എന്ന ഫോൺ നമ്പറിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.